


# അക്കാദമിക

# മാസ്റ്റർ പ്ലാൻ

2025-26

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി. എൽ. പി. എസ്. പുതുനഗരം (ഈസ്റ്റ്) |
| സ്കൂൾ നമ്പർ | : | 21512 |
| ബി. ആർ. സി | : | കൊല്ലങ്കോട് |
| ജില്ല | : | പാലക്കാട് |

# ആമുഖം

പുത്തനഗരം ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത്, പുത്തനഗരം ജംഗ്ഷനിൽ മുസ്ലിം പള്ളിക്കും പോലിസ് സ്റ്റേഷനും മധ്യത്തിലായി സ്ഥിതിചെയ്യുന്ന ജി. എൽ. പി. എസ്. പുത്തനഗരം (ഈസ്റ്റ്) 1968 - ൽ പ്രവർത്തനമാരംഭിച്ചു. 100 - ഓളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഞങ്ങളുടെ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. പുത്തനഗരം ടൗൺ ജുമാമസ്ജിദിന്റെ വാടകകെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ എം. എൽ. എ, എം. പി. ഫണ്ടുകൾ ഒന്നും തന്നെ ഞങ്ങൾക്ക് ലഭിക്കാറില്ല. അതിനാൽ ഭൗതിക സൗകര്യം മെച്ചപ്പെടുത്താൻ ഞങ്ങൾക്ക് സാധിച്ചിട്ടില്ല. ക്ലസ്റ്റർ സ്കൂൾ കൂടിയാണ് ഞങ്ങളുടെ വിദ്യാലയം. പുത്തനഗരം ഗ്രാമപഞ്ചായത്ത് ഇതുവരെയും സ്കൂളിനുള്ള സ്ഥലം കണ്ടെത്തിതന്നിട്ടില്ല.

ഗുണമേന്മ വിദ്യാഭ്യാസത്തിൽ ശിശുസൗഹൃദ പഠനാന്തരീക്ഷത്തിനും മികച്ച ഭൗതിക സൗകര്യത്തിനും സുപ്രധാന സ്ഥാനമുണ്ടല്ലോ. എന്നാൽ ലൈബ്രറിയോ റീഡിംഗ് റൂം സൗകര്യമോ ഞങ്ങൾക്കില്ല. ഓഫീസ് റൂം തന്നെയാണ് സ്റ്റോർ റൂമും കമ്പ്യൂട്ടർ ലാബ് ആയും ഉപയോഗിക്കുന്നത്. സർക്കാർ അനുവദിച്ച ബ്രോഡ്ബാൻഡ് കണക്ഷൻ എലിശല്യം മൂലം ഉപയോഗിക്കാൻ പറ്റാതായി.

കുട്ടികളുടെ സ്വതന്ത്ര സഞ്ചാരത്തിനും കായിക ശേഷി പരിപോഷിപ്പിക്കുന്നതിനും മതിയായ സൗകര്യമില്ല. കുടിവെള്ള സൗകര്യം പര്യാപ്തമല്ല. പാചകപ്പുര വളരെ ശോചനീയമാണ്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ടോയ്‌ലറ്റ് സൗകര്യവുമില്ല.

# നിലവിലുള്ള അവസ്ഥാ വിശകലനം

## വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം.

| [illegible] | All Communities | | | SC | | | Muslims | | | Other OBC | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T |
| | 4 | 5 | 9 | 0 | 0 | 0 | 4 | 5 | 9 | 0 | 0 | 0 |
| | 4 | 11 | 15 | 2 | 2 | 4 | 2 | 9 | 11 | 0 | 0 | 0 |
| [illegible] | 10 | 4 | 14 | 1 | 0 | 1 | 9 | 3 | 12 | 0 | 1 | 1 |
| [illegible] | 6 | 9 | 15 | 2 | 0 | 2 | 4 | 9 | 13 | 0 | 0 | 0 |
| [illegible] | 24 | 29 | 53 | 5 | 2 | 7 | 19 | 26 | 45 | 0 | 1 | 1 |

Pre Primary

| Boys | Girls | Total. |
|---|---|---|
| 5 | 8 | 13 |

## വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം- നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡീഷണൽ ക്ലാസ്മുറി | 0 | 0 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 2 | 2 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 1 | 2 |
| കുടിവെള്ള സൗകര്യം. | 3 | 3 |
| പ്രധാനാധ്യാപക മുറി | 1 | 0 |
| ചുറ്റുമതിൽ | ഉണ്ട് | - |
| കളിസ്ഥലം | ഇല്ല | വേണം |
| Ramp with Handrail | ഇല്ല | വേണം |
| അടുക്കള | ഷെഡ് | ടൈൽ-ടാപ്പ് നടപ്പാക്കൽ വേണം |

# സ്വന്തം കെട്ടിടം സ്വപ്നമോ ?

സ്കൂൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ഭൗതികാന്തരീക്ഷം ആകർഷകമാക്കാനുള്ള ഒരു പ്രവർത്തനവും സ്കൂളിൽ ചെയ്യാൻ കഴിയുന്നില്ല. പഞ്ചായത്ത് ഒരുതവണ സ്ഥലം അനുവദിച്ചു തന്നെന്ന് പറഞ്ഞുവെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല. സ്മാർട്ട് ക്ലാസ്സ് റൂം സ്വപ്നം മാത്രമാണ്. അടച്ചുറപ്പില്ലാത്ത മുറികളായതിനാൽ എലിശല്യം രൂക്ഷമാണ്. കുട്ടികൾക്ക് കളിക്കാനും ജൈവകൃഷി തുടങ്ങാനും സ്ഥലം വളരെ പരിമിതമാണ്. സ്വന്തമായി കെട്ടിടം എന്ന ഞങ്ങളുടെ ആവശ്യത്തിന് മുട്ടാത്ത വാതിലുകളില്ല; എങ്കിലും

ഞങ്ങൾ പരിശ്രമം തുടർന്നുകൊണ്ടേയിരിക്കും.

## വിദ്യാലയത്തിലെ ഐ.ടി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ- ഡസ്ക്ടോപ്പ് | 4 (പ്രവർത്തനരഹിതം) | 4 |
| ലാപ് ടോപ്പ് | 6 | - |
| പ്രൊജക്ടർ- എൽ.സി.ഡി | 2 | സ്ക്രീൻ വേണം |
| റേഡിയോ | ഇല്ല | |
| ടി.വി | ഇല്ല | |
| വിക്ടർ ചാനലിന്റെ ലഭ്യത | ഇല്ല | വേണം |
| ഡി.വി.ഡി. പ്ലേയർ | ഇല്ല | |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| സ്വന്തമായി വെബ്സൈറ്റ് | ഇല്ല | |
| ബ്ലോഗ് | ഇല്ല | |
| ഇ-മെയിൽ ഐ.ഡി. | ഉണ്ട് | |
| സ്മാർട്ട് ക്ലാസ് റൂം | ഇല്ല | |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല | |
| പ്രിന്റർ. | ഉണ്ട് | |

# അധ്യാപകർ - നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താത്കാലിക | 3 വർഷത്തിൽ കൂടുതലായവർ |
|---|---|---|---|---|
| LP | 4+1 = 5 | 4+1 = 5 | — | 4 |

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ- നിലവിലെ അവസ്ഥ.

| വിഭാഗം | |
|---|---|
| സബ്ജക്ട് കൗൺസിൽ | — |
| എസ്. ആർ. ജി. | രണ്ടാഴ്ചയിൽ ഒരിക്കൽ |
| പി. ടി. എ. | മാസത്തിലൊരിക്കൽ |
| എം. പി. ടി. എ | ടേമിലൊരിക്കൽ |
| എസ്. എം. സി. | ഫലപ്രദമാണ് |
| എസ്. എസ്. ജി. | സജീവമാണ് |
| സ്കൂൾ വികസന സമിതി | വർഷത്തിൽ രണ്ട് തവണ. |
| ആരോഗ്യ സമിതി. | — |

# സവാഗ ഗുണമേന്മാ വിദ്യാഭ്യാസം

സവാഗ ഗുണമേന്മാ ക്യാമ്പയിൻ :-

വിദ്യാലയത്തിലെ മികവാർന്ന പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അത്തരം പ്രവർത്തനങ്ങൾ വ്യാപകമായി ക്ലാസ് ഗ്രൂപ്പുകളിലേക്ക് ചെയ്യുക, അവയുടെ റീൽസുകൾ, വീഡിയോകൾ എന്നിവ തയ്യാറാക്കുക എന്നീ പരിപാടികൾക്ക് മുൻതൂക്കം നൽകും. മികവാർന്ന പ്രവർത്തനങ്ങൾ സ്റ്റാറ്റസാക്കുകയും ഫേസ്ബുക്ക് 'ൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യും.

സമിതികളും സഹകരണവും:

പി.ടി.എ., എം.പി.ടി.എ, എസ്.എം.സി., ഒ.എസ്.എ. എന്നീ കൂട്ടായ്മകളിലൂടെ വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ കാര്യക്ഷമത മെച്ചപ്പെടുത്താൻ തീരുമാനിച്ചു. PEC യോഗങ്ങളിൽ തടസ്സങ്ങളില്ലാതെ പങ്കെടുക്കുവാനും വിദ്യാലയത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കാനും ബ്ലോക്ക് തലത്തിൽ വിദ്യാലയത്തിനാവശ്യമായ സഹായങ്ങൾ ആവശ്യപ്പെടാനും തീരുമാനിച്ചു.

പുതുനഗരം PHC യുടെയും, പോലീസ്-എക്സൈസിന്റെയും സഹകരണത്തോടെ ആരോഗ്യ-ശുചിത്വ ആന്റി ഡ്രഗ്, സൈബർ സെക്യൂരിറ്റി ബോധവത്കരണ ക്ലാസ്സുകൾ രക്ഷിതാക്കൾക്ക് നൽകാൻ തീരുമാനിച്ചു. പേവിഷ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും.

## പരിശീലന പ്രവർത്തനങ്ങൾ: 10

മധ്യവേനലവധിക്കാലത്ത് നടന്ന അധ്യാപക ശാക്തീകരണ പരിപാടിയിൽ അധ്യാപകരെല്ലാവരും പങ്കെടുത്തിട്ടുണ്ട്. മാസത്തിൽ രണ്ടുതവണ എസ്. ആർ. ജി യോഗം ചേർന്ന് പഠന പ്രശ്നങ്ങൾ ചർച്ച ചെയ്യും. പ്രവർത്തന പാക്കേജുകൾ തയ്യാറാക്കും. ബി. ആർ. സി. തല പഠനോപകരണ നിർമ്മാണ ശിൽപശാലയിൽ വിദ്യാലയത്തിൽ നിന്നും അധ്യാപകരെ പങ്കെടുപ്പിക്കും. വാർഷിക കലണ്ടറിനെ ആധാരമാക്കി പ്രതിമാസ കലണ്ടറിന് രൂപം നൽകും. അമ്മമാർക്കായി പഠനോപകരണ ശിൽപശാലകൾ സംഘടിപ്പിക്കും.

## അന്വേഷണ പ്രവർത്തനങ്ങൾ:

നിത്യജീവിതത്തിലെ ശാസ്ത്രം, ലഘുപരീക്ഷണങ്ങൾ എന്നിവ പരിചയപ്പെടുത്താൻ, ലഘുപരീക്ഷണ എക്സ്പോ സംഘടിപ്പിക്കാൻ എന്നീ പരിപാടികൾ സംഘടിപ്പിക്കും. സോളാർ സിസ്റ്റം പ്രദർശനം, ചാന്ദ്ര ദിനം, സി. വി. രാമൻ ദിനം, ശാസ്ത്ര ദിനം, ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾ ICT സാധ്യത പ്രയോജനപ്പെടുത്തി സംഘടിപ്പിക്കും.

## അക്കാദമിക പ്രവർത്തനം/ തനത് പ്രവർത്തനം.

1. സാക്ഷരം: എല്ലാ കുട്ടികളെയും മലയാള ഭാഷ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 2 മുതൽ 4 വരെ ക്ലാസ്സുകളിൽ പ്രീ- ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തി പഠനോപകരണങ്ങളുടെ സഹായത്തോടെ പഠനപ്രശ്നങ്ങൾ പരിഹരിക്കും.

## Easy English:

കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് അസംബ്ലി നടത്തും. conversation, Proverbs self introduction, Riddles, sentence making എന്നിവക്ക് പ്രാധാന്യം നൽകും. ആഴ്ചയിൽ രണ്ട് മണിക്കൂർ ഇംഗ്ലീഷ് പഠനത്തിന് പ്രാധാന്യം നൽകും.

## ഗണിതം മധുരം:

കുട്ടികൾക്ക് ഗണിതത്തിൽ താത്പര്യം ജനിപ്പിക്കുന്നതിനായി ശിൽപശാലകൾ സംഘടിപ്പിക്കും. ഗണിതക്രിയകൾ ഉറപ്പി-ൽ, പസ്സിൽ, ജ്യാമിതീയ രൂപങ്ങളുടെ പതിപ്പ് നിർമ്മാണം ഗണിതകിറ്റ് നിർമ്മാണം എന്നീ പരിപാടികൾ സംഘടിപ്പിക്കും.

## ചെക്ക് ലിസ്റ്റ്:

ബി. ആർ. സി. യിലെ പ്രവർത്തനമായ ചെക്ക് ലിസ്റ്റ് തയ്യാറാക്കും. ടീച്ചർ - കുട്ടി - അമ്മ വിലയിരുത്തൽ ഫോർമാറ്റ് തയ്യാറാക്കി വീടുകളിലേക്ക് കൊടുത്തുവിടുന്ന മുറക്ക് അമ്മമാർ കുട്ടിയെ വിലയിരുത്തി ഗ്രേഡ് നൽകുന്നു.

## മൂല്യനിർണ്ണയ രീതികൾ:

എല്ലാമാസവും യൂണിറ്റ് ടെസ്റ്റുകൾ നടത്തും. ടേം മൂല്യനിർണ്ണയം, നിരന്തര മൂല്യനിർണ്ണയം എന്നിവ നടത്തും. പരിഹാരബോധന പ്രക്രിയകൾക്ക് ഊന്നൽ നൽകും. ക്ലാസ്സിൽ ഗ്രൂപ്പ് ആക്ടിവിറ്റികൾക്ക് പ്രാധാന്യം നൽകാൻ തീരുമാനിച്ചു.

## ങ്കേതിക വിദ്യ:

പ്രമുഖ വ്യക്തിത്വങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള
സ്സുകളിലൂടെ അധ്യാപകർ ICT യിൽ വൈദഗ്ധ്യം നേടും.
ഠന ബോധന പ്രക്രിയയിൽ ICT പരമാവധി പ്രയോജന
പ്പെടുത്തും. KITE സംഘടിപ്പിക്കുന്ന ശിൽപശാലയിൽ അധ്യാ-
കരെ പങ്കെടുപ്പിക്കും. 'കളിപ്പെട്ടി' ക്ലാസ്സുകൾ സജീവമാക്കും.

## ണപരമായ പ്രവർത്തനങ്ങൾ:

അക്കാദമികവും ഭൗതികവുമായ കാര്യങ്ങളിൽ
ത്യക്ഷമായി ഇടപെടും. ക്ലാസ്സ് മോണിറ്ററിംഗ് ശക്തിപ്പെടുത്തും.

## AS/SAS:

മൂന്നാം ക്ലാസ്സിലെ കുട്ടികളെ ഫോക്കസ് ചെയ്തുകൊ-
ണ്ട് NAS/SAS പരീക്ഷകൾക്കുള്ള കോച്ചിംഗ് നൽകും.

## SS Examination:

ജൂൺ മാസത്തിൽ തന്നെ L.S.S. എക്സാമി-
ള്ള കുട്ടികളെ സ്ക്രീനിംഗ് ടെസ്റ്റ് നടത്തി കണ്ടെത്തും. അവർക്ക്
വസവും അരമണിക്കൂർ വീതം പരീക്ഷക്കുള്ള പരിശീലനം
ൽകും.

## ന്നശേഷി കുട്ടികൾക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ:

ഭിന്നശേഷികുട്ടികളുടെ ഗൃഹസന്ദർശനം നടത്തി
ണകിറ്റ് വിതരണം ചെയ്യും. അവർക്കായി സ്പെഷൽ എഡ്യു-
റ്റർമാരുടെ സഹായം തേടും. ഭിന്നശേഷി സൗഹൃദ ക്ലാസ്സു-
ൾ സംഘടിപ്പിക്കും, ഭിന്നശേഷി സൗഹൃദ വിദ്യാലയം ഒരുക്കു-
തിനായി പഞ്ചായത്തിന്റെ സഹായം ആവശ്യപ്പെടും.

ഡ ക്ലാസ്സ് :

മൂന്നാം ക്ലാസ്സിലെ പിന്നോക്കക്കാരെ കണ്ടെത്തി വരെ ഫോക്കസ് ചെയ്ത്കൊണ്ട് പ്രത്യേകം പ്രവർത്തന ാക്കേജ് തയ്യാറാക്കാം.

# ഉപസംഹാരം

വർഷങ്ങളായി ഞങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് സ്വന്തമായി ഒരു സ്കൂൾ കെട്ടിടമാണ്. ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തി കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കണമെങ്കിൽ പ്രാഥമികമായി വേണ്ടത് സൗകര്യമുള്ള ക്ലാസ്സ് മുറികളാണ്. അത് വരും വർഷങ്ങളിലെങ്കിലും സാധിക്കുമെന്ന പ്രത്യാശയോടെയാണ് അക്കാദമികമായി മെച്ചപ്പെടാനുള്ള പ്രവർത്തനങ്ങൾക്ക് ഞങ്ങൾ കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

കുട്ടികളുടെ പഠന നിലവാരം ഉയർത്തി കൂടുതൽ കുട്ടികൾ ഞങ്ങളുടെ വിദ്യാലയത്തിലേക്ക് എത്തിച്ചേരണമെന്ന പ്രാർത്ഥനയോടെ ഈ 'അക്കാദമിക മാസ്റ്റർ പ്ലാൻ' സമർപ്പിക്കുന്നു.